# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3117 — 07.02.2018 -ൽ മറുപടിക്ക്

## പാവറട്ടി വെൺമേനാട് വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി വെൺമേനാട് വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ഉണ്ട്. ടി ആവശ്യത്തിന് പാവറട്ടി വില്ലേജിലെ അറക്കൽ ജോൺ എന്നവരുടെ ഉടമസ്ഥതയിലുള്ള വെൺമേനാട് റീസർവ്വെ 79/1-ൽപ്പെട്ട 3 സെന്റ് ഭൂമി ടിയാൻ സർക്കാരിലേയ്ക്ക് അവകാശം വിട്ടൊഴിഞ്ഞു തന്നിട്ടുണ്ട്. |
| (ബി) നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി റിക്കാർഡ് റൂം സ്കീമിൽ ഒന്നര ലക്ഷം രൂപ അനുവദിച്ചിരുന്നതും 07-02-2004 തീയതിയിൽ ശിലാസ്ഥാപനം നടന്നിട്ടുള്ളതുമാണ്. ജനകീയ പങ്കാളിത്തത്തോടെ ബെനിഫിഷ്യറി കമ്മിറ്റി രൂപീകരിച്ചെങ്കിലും സാമ്പത്തിക സമാഹരണം നടക്കാത്തതിനാൽ കെട്ടിട നിർമ്മാണം തുടരാൻ കഴിഞ്ഞില്ല. ആയതിനാൽ സ്ഥലം തിരികെ നൽകണമെന്നാവശ്യപ്പെട്ട് ഉടമസ്ഥനായ ശ്രീ.ജോൺ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)-8788/16 നമ്പർ കേസ് നിലവിലുള്ളതാണ്. |

സെക്ഷൻ ഓഫീസർ